**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 334** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കേസ് അന്വേഷണത്തിലെ നിഷ്പക്ഷത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പല കേസ് അന്വേഷണങ്ങളിലും പ്രതിപക്ഷത്തോട് പോലീസ് രാഷ്ട്രീയ ഇടപെടലിന്റെ ഭാഗമായി വൈര്യനിര്യാതന ബുദ്ധിയോടുകൂടി പെരുമാറുന്നു എന്ന ആരോപണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികളിലും കുറ്റകൃത്യങ്ങളിന്മേലും നിയമപരമായ കൃത്യമായ നടപടിക്രമങ്ങൾ (Due Process of Law) പാലിച്ചാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നതും അന്വേഷിക്കുന്നതും. നിയമത്തിന് മുന്നിൽ രാഷ്ട്രീയ പശ്ചാത്തലമോ കക്ഷിഭേദമോ പരിഗണിക്കാറില്ല. ലഭിക്കുന്ന പരാതികളിൽ പ്രഥമദൃഷ്ട്യാ നിയമ ലംഘനം ബോധ്യപ്പെട്ടാൽ മാത്രമേ കേസുകളിലേയ്ക്ക് കടക്കാറുള്ളൂ.

**(ബി)** ഭരണകക്ഷിയുമായി ബന്ധപ്പെട്ട കേസുകളിലും പ്രതിപക്ഷവുമായി ബന്ധപ്പെട്ട കേസുകളിലും പോലീസിന്റെ സമീപനം നിഷ്പക്ഷമാണ് എന്ന് പറയാൻ കഴിയുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പോലീസിന്റെ സമീപനം പൂർണ്ണമായും നിഷ്പക്ഷവും നിയമ വിധേയവുമാണ്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളുടെ രാഷ്ട്രീയ പശ്ചാത്തലമോ കക്ഷിഭേദമോ നോക്കിയല്ല, മറിച്ച് അവർ ചെയ്ത കുറ്റത്തിന്റെ സ്വഭാവം മുൻ നിർത്തി മാത്രമാണ് പോലീസ് നിയമ നടപടികൾ സ്വീകരിക്കുന്നത്.

**(സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പുതല മേധാവികളായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ ആരെങ്കിലും വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**